**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1549** **19-09-2025 - ൽ മറുപടിയ്ക്ക്**

**വർക്ക് ലൈഫ് ബാലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ , ശ്രീ പി എസ് സുപാൽ, ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവരസാങ്കേതികവിദ്യാ മേഖലയിലെ ജീവനക്കാർ നേരിടുന്ന തൊഴിൽ സംബന്ധമായ സമ്മർദ്ദത്തെയും ചൂഷണത്തെയും തുടർന്നുണ്ടാകുന്നതായി പറയപ്പെടുന്ന അരക്ഷിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വിവര സാങ്കേതികവിദ്യ മേഖലയിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്നതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല. തൊഴിൽ വകുപ്പിൽ ലഭിക്കുന്ന തൊഴിൽ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിലും തൊഴിൽ സ്ഥലത്ത് തൊഴിലാളികൾ നേരിടുന്ന തൊഴിൽപരവും വ്യക്തിപരവുമായ ചൂഷണം സംബന്ധിച്ച പരാതികളിലും ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഏറ്റവും അധികം സമയം തൊഴിൽ ചെയ്യേണ്ടി വരുന്നതായി പറയപ്പെടുന്ന ഇന്ത്യൻ തൊഴിലാളികളുടെ തൊഴിൽ സമയം വീണ്ടും വർദ്ധിപ്പിക്കണമെന്ന് നിർദേശിക്കുന്ന നിയമഭേദഗതി കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന സാഹചര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഏറ്റവും അധികം സമയം തൊഴിൽ ചെയ്യേണ്ടി വരുന്നതായി പറയപ്പെടുന്ന ഇന്ത്യൻ തൊഴിലാളികളുടെ തൊഴിൽ സമയം വീണ്ടും വർദ്ധിപ്പിക്കുമെന്ന് നിർദ്ദേശിക്കുന്ന നിയമഭേദഗതി കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന സാഹചര്യം പഠന വിധേയമാക്കിയിട്ടില്ല. തൊഴിലാളികളുടെ തൊഴിൽ സമയത്തിൽ മാറ്റം വരുത്തുന്നതുൾപ്പെടുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച Deregulation നടപടികളിൽ തൊഴിൽ സമയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗം വിളിച്ചിട്ടുള്ളതും തൊഴിലാളി യൂണിയനുകൾ അഭിപ്രായം രേഖാമൂലം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്. |
| (സി) | മേൽ സാഹചര്യത്തിൽ എല്ലാ മേഖലയിലും ജോലിചെയ്യുന്നവർ അഭിമുഖീകരിക്കുന്ന വർക്ക് ലൈഫ് ബാലൻസ് പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | എല്ലാ മേഖലയിലും ജോലി ചെയ്യുന്നവർ അഭിമുഖീകരിക്കുന്ന വർക്ക് ലൈഫ് ബാലൻസ് പ്രശ്നങ്ങൾ പഠിക്കാൻ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. |
| (ഡി) | തൊഴിൽ ചൂഷണത്തിന്റെയും തൊഴിൽ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ബാങ്കിംഗ്, ട്രേഡിങ്, വിവരസാങ്കേതികവിദ്യ തുടങ്ങിയ | (ഡി) | തൊഴിൽ ചൂഷണത്തിന്റെയും തൊഴിൽ സമ്മർദ്ദത്തിന്റെയും പശ്ചാത്തലത്തിൽ ട്രേഡിംഗ്, വിവര സാങ്കേതിക വിദ്യ തുടങ്ങിയ മേഖലകളിൽ |

| | | | |
|---|---|---|---|
| | മേഖലകളിൽ ജോലിചെയ്യുന്നവർ ആത്മഹത്യ ചെയ്യുകയോ തൊഴിൽ ഉപേക്ഷിക്കുകയോ ചെയ്യുന്നതായ സാഹചര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | ജോലി ചെയ്യുന്നവർ ആത്മഹത്യ ചെയ്യുകയോ, തൊഴിൽ ഉപേക്ഷിക്കുകയോ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് നിലവിലുള്ളതും മറ്റ് തൊഴിൽ മേഖലകൾക്ക് ബാധകമായിട്ടുള്ളതുമായ തൊഴിൽ നിയമങ്ങളെല്ലാം തന്നെ ട്രേഡിംഗ്, വിവരസാങ്കേതികവിദ്യ എന്നിവയ്ക്ക് ബാധകമായതിനാൽ കൂടുതൽ സമയം ജോലി ചെയ്യിപ്പിക്കുന്നതടക്കമുള്ള തൊഴിൽ നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തൊഴിൽ വകുപ്പ് സമയോചിതമായി ഇടപെടലുകൾ നടത്തി പരാതികൾക്ക് പരിഹാരം കാണുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധനകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് എതിരായും അത്തരം ചൂഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ